**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 84** **23-01-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് ആശുപത്രികളിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആഭ്യന്തരവകുപ്പിന്റെ കീഴിൽ എത്ര ആശുപത്രികൾ എവിടെയെല്ലാം പ്രവർത്തിച്ചുവരുന്നു എന്ന് വിശദമാക്കുമോ; ഈ ആശുപത്രികൾ ആരുടെ കീഴിലാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | ആഭ്യന്തര വകുപ്പിന്റെ കീഴിൽ 14 പോലീസ് ആശുപത്രികൾ പ്രവർത്തിച്ചു വരുന്നു. ഈ ആശുപത്രികൾ ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവി / ബറ്റാലിയൻ കമാണ്ടന്റ് എന്നിവരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ആശുപത്രികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം സിറ്റി<br>2. കൊല്ലം സിറ്റി<br>3. കോട്ടയം<br>4. SAP ബറ്റാലിയൻ<br>5. KAP I ബറ്റാലിയൻ<br>6. KAP II ബറ്റാലിയൻ<br>7. KAP III ബറ്റാലിയൻ<br>8. KAP IV ബറ്റാലിയൻ<br>9. MSP ബറ്റാലിയൻ<br>10. RRRF ബറ്റാലിയൻ<br>11. SOG ബറ്റാലിയൻ<br>12. IR Bn ബറ്റാലിയൻ<br>13. KEPA<br>14. പാലക്കാട് |
| (ബി) | പോലീസ് ആശുപത്രികളിൽ നിലവിൽ ആരോഗ്യവകുപ്പിൽ നിന്നും ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് വഴി ജീവനക്കാരെ നിയമിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പോലീസ് ആശുപത്രികളിൽ നിലവിൽ ആരോഗ്യവകുപ്പിൽ നിന്നും ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് വഴി ജീവനക്കാരെ നിയമിക്കുന്നില്ല. |
| (സി) | പോലീസ് ആശുപത്രികളിൽ മുൻകാലങ്ങളിൽ ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങ് വഴി നിയമിതരായ ആരോഗ്യവകുപ്പ് ജീവനക്കാർ ഡെപ്യൂട്ടേഷൻ അനുമതിയോ വകുപ്പിൽ നിന്നുള്ള എൻ.ഒ.സി-യോ വാങ്ങാതെ കാലാകാലങ്ങളായി ചട്ടവിരുദ്ധമായി ഈ ആശുപത്രികളിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. Order No. EA2-8512/2024/DHS dated 20.01.2025 പ്രകാരം ട്രാൻസ്ഫർ ആൻഡ് പോസ്റ്റിംഗ് വഴി നിയമിതരായ മെഡിക്കൽ ഓഫീസർമാരെ സ്ഥലം മാറ്റിയിട്ടുണ്ട്. മറ്റ് തസ്തികകളിൽ പോലീസ് ആശുപത്രികളിൽ ഇത്തരത്തിൽ സേവനം അനുഷ്ഠിക്കുന്നവർ ആരും തന്നെയില്ല. |

| | | | |
|---|---|---|---|
| (ഡി) | ആരോഗ്യവകുപ്പിൽ നിന്നുള്ള ജീവനക്കാർ അഞ്ചുവർഷത്തിന് ശേഷവും പോലീസ് ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നുണ്ടോ; എങ്കിൽ ഇതുമൂലം ആരോഗ്യവകുപ്പിലുള്ള മറ്റു ജീവനക്കാർക്ക് പോലീസ് ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | പിരിവ് (സി) യിൽ ചേർത്തിട്ടുണ്ട്. |
| (ഇ) | പോലീസ് ആശുപത്രികളിൽ നിന്നും അദർ ഡ്യൂട്ടി പൂർത്തിയാക്കി മാതൃവകുപ്പായ ആരോഗ്യ വകുപ്പിലേക്ക് തിരികെ പോകുന്ന ജീവനക്കാർ ബന്ധപ്പെട്ട പോലീസ് മേധാവിയിൽ നിന്നും രേഖാമൂലം അറിയിപ്പ് ലഭിച്ച ശേഷമാണോ പോകുന്നത്; എങ്കിൽ അത്തരത്തിൽ നൽകിയിട്ടുള്ള അനുമതികളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | അന്യത്ര സേവനവുമായി ബന്ധപ്പെട്ട നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിട്ടാണ് പോലീസ് ആശുപത്രികളിൽ ആരോഗ്യ വകുപ്പിൽ നിന്നും ഉദ്യോഗസ്ഥരെ നിയമിച്ചു ഉത്തരവാകുന്നത്. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അന്യത്ര സേവനകാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഉദ്യോഗസ്ഥർ മാതൃവകുപ്പിലേയ്ക്ക് തിരികെ പോകുന്നതാണ്. |

സെക്ഷൻ ഓഫീസർ